

# St. Xavier's High School, Karanchira

Phone : 0480 – 2879599

# Elan 2020

## Digital magazine





## സന്ദേശം

സെന്റ് സേവിയേഴ്സ് ഹൈസ്കൂൾ 2019-20 അദ്ധ്യയവർഷത്തിൽ ELAN 2020 (Energy & Ethusiasm)എന്ന പേരിൽ ഒരു മാഗസിൻ പുറത്തിറക്കുന്നുവെന്നതിൽ അതിയായ സന്തോഷമുണ്ട്. ഈ സന്ദർഭത്തിൽ പ്രസിദ്ധീകരിക്കുന്ന ലിറ്റിൽ കൈറ്റിന്റെ മാഗസിൻ മികച്ച അദ്ധ്യാപകരുടെയും, നമ്മുടെ വിദ്യാലയത്തിലെ നല്ലവരായ വിദ്യാർത്ഥികളും സംയുക്തമായി വിദ്യാലയത്തിന്റെ കീർത്തി വർദ്ധിപ്പിക്കുന്നതിനും വിദ്യാർത്ഥികളുടെ സർഗ്ഗാവാസനകൾ പരിപോഷിപ്പിക്കുന്നതിനും ബന്ധപ്പെട്ടവർക്ക് പ്രചോദനമാകട്ടെ. മാഗസിന്റെ അണിയറയിൽ പ്രവർത്തിച്ചവർക്ക് എല്ലാ ആശംസകളും നേരുന്നു.

**ആൻസൺ ഡൊമനിക് പി.**

ഹെഡ്മാസ്റ്റർ



St.Xavier's High School, Karanchira
Little kite Unit -2019-20



## IT LAB

ആധുനിക വിവരസാങ്കേതിക വിദ്യയുടെ എല്ലാ നൂതനകാഴ്ചപ്പാടോടും കൂടി ശാസ്ത്രീയമായി പ്രവർത്തിച്ചുവരുന്ന കമ്പ്യൂട്ടർ ലാബും little Kite lab 2 ഉം വിദ്യാലയത്തിന്റെ മുഖമുദ്രയാണ്.

## Little Kites ന്റെ നേതൃത്വത്തിൽ Shortfilm



കുട്ടികളിൽ കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട മേഖലയിൽ അഭിരുചി വളർത്താൻ സംയ്കുത പരിശീലന പരിപാടികൾ നടത്തിവരുന്നു. ഇതിലെ ഏറ്റവും ശ്രദ്ധേയമായത് ഷോർട്ട്ഫിലിമുകളാണ്. ഗാന്ധിജിയുടെ 150-ാം വാർഷികത്തോടനുബന്ധിച്ച് "ഗാന്ധി അപ്പൂപ്പൻ" എന്ന ഹ്രസ്വചലച്ചിത്രം നവമാധ്യമങ്ങളിൽ ശ്രദ്ധേയമായി. കുട്ടികളിൽ ഷോർട്ട് ഫിലിം പഠിപ്പിക്കുന്നതിനുള്ള ക്ലാസ്സുകൾ നടത്തുന്നത് കുട്ടികൾക്ക് പുതിയ അനുഭവം നേടികൊടുക്കാൻ സാധിക്കുന്നു.

St.Xavier's High School
Karanchira
QR CODE

# ഹരിതവർണ്ണം

പൃഥിതൻ ഹൃദ്യമാം ഹൃദയത്തെയെന്നും
പുതുമഞ്ഞു തുള്ളികൾ കുളിലാലുണർത്തുന്നു
സൂര്യന്റെ ആദ്യ കിരണങ്ങളാലെന്നും
എൻ പ്രകൃതിയും ഹൃദ്യമായി വിളങ്ങുന്നുവല്ലോ.

ഭൂമിക്കു തണലേകാൻ തളിരില കുടചൂടി തളരാതെ
നിൽക്കുന്നു വൃക്ഷങ്ങളെന്നും എന്നുമീ ഭൂമിയിൽ
സുഗന്ധം പരത്തുവാൻ
വിരിയുന്ന മലരുകൾ ഒന്നിച്ച് ചുറ്റിലും

ഒഴുകുന്ന വൈഡൂര്യം കൈകളിലേന്തിയീ
അരുവികൾ തുള്ളി തുളുമ്പികളിക്കുന്നു
ആയിരം തളകൾ കിലുക്കിയെന്നുമെൻ
നദികളും നൃത്തമാടിയൊഴുകുന്നു.

എന്നുമീ ഭൂമിയിൽ സൗന്ദര്യമായി
പുഷ്പങ്ങൾ നിറയുന്ന വസന്തമായി
ഭൂമിക്കു ജീവിന്നേകുവാനായി

ഉയിരറ്റു ജീവിനിന്നേകുവാനായി
ഉയിരറ്റു പോകാതെയെന്നും വിളങ്ങണേ....




# മാറുന്ന ലോകവും കുട്ടികളും

ലോകം അനുദിനം മാറികൊണ്ടിരിക്കുന്നു. അറിവിന്റെ അത്ഭുത ലോകത്തിലാണ് നമ്മൾ ഇന്ന് ജീവിക്കുന്നത്. അറിവിന്റെ പ്രളയത്തിൽ നിന്നും ആവശ്യമായത് സ്വീകരിച്ച് ജീവിതത്തെ അർത്ഥപൂർണ്ണമാക്കാനാണ് നമ്മൾ പരിശ്രമിക്കേണ്ടത്.

മക്കൾ ആരാകണമെന്നത് മാതാപിതാക്കളെ അലട്ടുന്ന ചോദ്യമാണ്. ഇക്കാര്യത്തിൽ മക്കളുടെ അഭിപ്രായത്തിന് വേണ്ടത്ര പരിഗണന നല്ലൊരു ശതമാനം മാതാപിതാക്കളിൽ നിന്നും ഉണ്ടാകാറില്ല. എന്നാൽ കനത്ത ശമ്പളം ലഭിക്കുന്ന നല്ലൊരു ജോലിക്കായി മക്കൾക്ക് വിദ്യാഭ്യാസം നൽകുന്ന രീതിയാണ് നല്ലൊരു ശതമാനം അച്ഛനമ്മമാരും അനുവർത്തിച്ചുകാണുന്നത്.

ഇന്നലത്തെ ലോകമല്ല ഇന്നത്തെ ലോകം എന്ന് നമുക്കെല്ലാവർക്കുമറിയാം. പഴയ തലമുറ നാലും, അഞ്ചും മൈലുകൾ നടന്നാണ് സ്കൂളിൽ പോയിരുന്നത്. അക്കാ

ലത്ത് പ്രകൃതിയേയും മനുഷ്യരേയും കുറിച്ചറിയുവാൻ കൂടുതൽ അവസരങ്ങളുണ്ടായിരുന്നു. മാവിൽ കല്ലെറിഞ്ഞും, ചിരിച്ചും കളിച്ചും വഴക്കടിച്ചും സ്കൂളിൽ പോയി വന്നിരുന്ന അനുഭവങ്ങൾ ആർക്കും മറക്കാനാകില്ല.


ഇക്കാലത്ത് നമ്മുടെ മക്കൾക്ക് ഒന്നിനും സമയം ലഭിക്കുന്നില്ല. കുട്ടികൾക്ക് സമയനിഷ്ഠ പാലിക്കാൻ കഴിയാത്ത അവസ്ഥ! മൊബൈലും, ടി.വിയും കമ്പ്യൂട്ടറുമൊക്കെ പത്രവായനക്കും, പുസ്തക വായനക്കും തടസ്സം നിൽക്കുന്ന കാലം. ഒരു കിലോമീറ്റർ ദൂരമാണെങ്കിലും സ്കൂളിലേക്ക് ഓട്ടോറിക്ഷയിലോ, വാനിലോ, ബസ്സിലോ ആണ് യാത്ര. സ്കൂൾ പാഠങ്ങൾ തന്നെ പഠിക്കാൻ പോലും സമയം ലഭിക്കുന്നില്ല. പിന്നെ മറ്റ് പുസ്തകൾ വായിക്കാനോ, ഗൂഗിളിൽ തിരയാനോ എവിടെ സമയം?

പാഠ്യപദ്ധതിയിൽ സമയ മാനേജ്മെന്റ് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അതിന്റെ പ്രാധാന്യം അദ്ധ്യാപകരോ, സമൂഹമോ മനസ്സിലാക്കുന്നില്ല. സ്കൂളിൽ കൃത്യസമയത്ത് ബെല്ലടിക്കും എന്നതുമാത്രം ശരിയാണ്. എന്നാൽ ആസൂത്രണവും, നിർവ്വഹണവും, പരിശോധനയും, ആശയവിനിമയവും ഒക്കെ ലക്ഷ്യത്തിലെത്താനുള്ള മാർഗ്ഗങ്ങളാണെന്ന് ആരുംതന്നെ മനസ്സിലാക്കുന്നില്ല.

ലോകചരിത്രം പഠിക്കുവാൻ ഒട്ടേറെ മാർഗ്ഗങ്ങളുണ്ട്. എന്നാൽ സ്വന്തം വീടുള്ള ഗ്രാമത്തിന്റെ, ഗ്രാമീണരുടെ പ്രാദേശിക ചരിത്രം പഠിക്കാൻ അവസരങ്ങളില്ല. അറിവാണ് ജീവിതം എന്ന് ആരും തന്നെ മനസ്സിലാക്കുന്നില്ല.

നല്ല ഒരു ലോകം നേടാനുള്ള വിദ്യാഭ്യാസമല്ലേ നമ്മുടെ മക്കൾക്കായി നാം ആഗ്രഹിക്കുന്നത്. മക്കൾ നല്ല മനുഷ്യരായി മാനത്തോളം വലുതാകണമെന്നല്ലേ മാതാപിതാക്കൾ ആഗ്രഹിക്കേണ്ടത്.?

**ബിന്ദു തോമസ്**
എച്ച്.എസ്.എ. മലയാളം



# ലിറ്റിൽ കൈറ്റ്സ്

## ഏകദിന ശിൽപ്പശാല

കാട്ടൂർ പഞ്ചായത്ത് തല ലിറ്റിൽ കൈറ്റ്സ് ഏകദിന ശിൽപ ശാല കരാഞ്ചിറ സെന്റ് സേവിയേഴ്സ് ഹൈസ്ക്കൂളിൽ 19.6.19ൽ രാവിലെ 10മണിയോടെ ആരംഭിച്ചു. സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. അൻസൻ ഡൊമിനിക്ക് പി. എല്ലാവ രെയും സ്വാഗതം ചെയ്തു. കൈറ്റ് പരിശീലകൻ ശ്രീ. സുനിൽ മാസ്റ്റർ നേതൃത്വം നൽകി.

കാട്ടൂർ പോംപെ സെന്റ് മേരീസ് സ്കൂളിലെ അദ്ധ്യാപ കൻ ശ്രീ. സുധീപ് സാറും ആവശ്യമായ മാർഗ്ഗനിർദ്ദേശ ങ്ങൾ വിദ്യാർത്ഥികൾക്ക് നൽകി. അവിടെ നിന്ന് 15 വിദ്യാർത്ഥികളും, നമ്മുടെ വിദ്യാലയത്തിൽ നിന്ന് 19 വിദ്യാർത്ഥികളും ഈ ശിൽപശാലയിൽ സജീവമായി പങ്കെടുത്തു.

# ആദരാഞ്ജലികൾ



കുരുതുകുളം ജോഷി മകൻ

**ഡെൽവിൻ ജോഷി (13)**

കാട്ടൂർ

ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ അംഗമായ

**ഡെൽവിന് ജോഷിക്ക്**

നിറകണ്ണുകളോടെ

ആദരാഞ്ജലികൾ



കരാഞ്ചിറ സെന്റ് സേവ്യേയേഴ്സ് ഹൈസ്കൂളിൽ
മാതാപിതാക്കൾക്കായി ഡിജിറ്റൽ ക്ലാസ്സിനെക്കുറിച്ച്
അവതരണം നടത്തി. മൊബൈൽ ഉപയോഗിച്ച്
ടെക്സ്റ്റ് ബുക്കിലെ ക്യൂആർ കോഡ്
സ്കാൻ ചെയ്ത് മാതാപിതാക്കൾക്ക്
കുട്ടികളെ പഠനത്തിന് സഹായിക്കാനാകും.






# ലിറ്റിൽ കൈറ്റ്സ് ഏകദിനശില്പശാല

കരാഞ്ചിറ സെന്റ് സേവ്യേയേഴ്സ് ഹൈസ്ക്കൂളിൽ ലിറ്റിൽ കൈറ്റ്സ് ഏകദിന ശില്പശാല നടത്തുകയുണ്ടായി. രാവിലെ 9.30ന് ആരംഭിച്ച ക്ലാസ്സ് ബഹു. ഹെഡ്മാസ്റ്റർ ശ്രീ. അൻസൻ ഡൊമിനിക് ഉദ്ഘാടനം ചെയ്തു. സി.നോബിൾ (സെന്റ് ജോസഫ്സ് ഹൈസ്കൂൾ, കരുവന്നൂർ) ആണ് ക്ലാസ്സ് നയിച്ചത്. 15 വിദ്യാർത്ഥികൾ പങ്കെടുത്തു.





# ഡിജിറ്റൽ പൂക്കളം

9,10 ക്ലാസ്സുകളിലെ
വിദ്യാർത്ഥികൾ
ഓണത്തോടനുബന്ധിച്ച്
ഡിജിറ്റൽ പൂക്കളം
ഒരുക്കുകയുണ്ടായി.
ശ്രീമതി സീന ടീച്ചർ,
റോഡ്മേരി ടീച്ചർ,
ഗോകുലകൃഷ്ണൻ മാസ്റ്റർ
എന്നിവർ നേതൃത്വം നൽകി.

# മൃദംഗമേള

**2020 ജനുവരി 16 വ്യാഴം**
**ഉച്ചതിരിഞ്ഞ് 3ന് സ്കൂൾ ഹാളിൽ**

**ഇരിങ്ങാലക്കുട**
**കൊരമ്പ് മൃദംഗകളരിയുടെ ആഭിമുഖ്യത്തിൽ**

**സെന്റ് സേവിയേഴ്സ് ഹൈസ്കൂളിലെ**
**40 വിദ്യാർത്ഥികൾ അവതരിപ്പിക്കുന്ന മൃദംഗമേള**

ST. XAVIER'S HIGH SCHOOL
Moulding The Future
KARANCHIRA
SINCE 1953

**സെന്റ് സേവിയേഴ്സ്**
**ഹൈസ്കൂൾ**
**കരാഞ്ചിറ**

